# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടരിക്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം14/2906/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/01/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടരിക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം14/2906/2022 തീയ്യതി: 03/01/2023

## മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-07-2021 മുതൽ 21-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-11-2022 | 30-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-11-2022 | 30-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ .പി, ഓഡിറ്റ് ഓഫീസർ

ശ്രീ.സന്തോഷ്. പി.ടി, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.മുഹമ്മദ് സിയാദ്. പി.പി, അസി.ഓഡിറ്റ് ഓഫീസർ,

ശ്രീ. ഇദ്രീസ് അബ്ദുള്ള. എ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അബ്ദുന്നാസർ പി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ജെ ഗിരീഷ് കുമാർ | സെക്രട്ടറി | 01-04-2021 | 01-07-2021 |
| ശ്രീമതി വനജ പി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-07-2021 | 05-07-2021 |
| ശ്രീമതി വനജ പി.കെ | സെക്രട്ടറി | 06-07-2021 | 21-07-2021 |
| ശ്രീമതി. പ്രസീത എം.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-07-2021 | 15-08-2021 |
| ശ്രീമതി വനജ പി.കെ | സെക്രട്ടറി | 16-08-2021 | 17-11-2021 |
| ശ്രീമതി. പ്രസീത എം.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-11-2021 | 31-12-2021 |
| ശ്രീമതി വനജ പി.കെ | സെക്രട്ടറി | 01-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പ്രീത എം ഡി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ അബ്ദുള്ള കെ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. സനിത പൂവത്തുപറമ്പിൽ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. മിനി പി നായർ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി ജിഷ പി ജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. മുജീബ് റഹ്മാൻ പി എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 16-10-2021 |
| ശ്രീ. അനീസ് സി | അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ ചാർജ്) | 17-10-2021 | 02-12-2021 |
| ശ്രീ. ജോയൽ സാബു | അസിസ്റ്റന്റ് എഞ്ചിനീയർ (എംപ്ലോയ്മെന്റ്)) | 03-12-2021 | 07-12-2021 |
| ശ്രീ. അനീസ് സി | അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ ചാർജ്) | 08-12-2021 | 08-12-2021 |
| ശ്രീ. സിജേഷ് കെ | അസിസ്റ്റന്റ് എഞ്ചിനീയർ (എംപ്ലോയ്മെന്റ്)) | 09-12-2021 | 31-03-2022 |
| ശ്രീമതി വനജ പി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 05-06-2021 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 06-06-2021 | 13-07-2021 |
| ശ്രീമതി. പ്രസീത എം.ജി | അസിസ്റ്റന്റ് സെക്രട്ടറി | 14-07-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ. ബീന | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. ഷീജ | മെഡിക്കൽ ഓഫീസ൪ (പി എച്ച് സി) | 01-04-2021 | 31-10-2021 |
| ഡോ. അബ്ദുൾ നാസർ നട്ടുവഞ്ചേരി | മെഡിക്കൽ ഓഫീസ൪ (പി എച്ച് സി) ഇൻ ചാർജ് | 01-11-2021 | 17-11-2021 |
| ഡോ. ഷീജ | മെഡിക്കൽ ഓഫീസ൪ (പി എച്ച് സി) | 18-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 13 | വസ്തു നികുതി-സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് നിശ്ചയിച്ചില്ല. | 1-12 |
| 14 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകത | 1-13 |
| 15 | വസ്തു നികുതി കെട്ടിടത്തിന്റെ വിവരങ്ങൾ അടങ്ങിയ ഫാറം ഫയലിൽ സൂക്ഷിക്കുന്നില്ല. | 1-14 |
| 16 | തൊഴിൽ നികുതി അപാകത സംബന്ധിച്ച്. | 1-15 |
| 17 | കാലഹരണപ്പെട്ട വിവിധ ഡെപ്പോസിറ്റ് തുകകൾ നാളിതു വരെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. | 1-16 |
| 18 | ദുരിതാശ്വാസനിധി രൂപീകരണ വിവരം -തുടർ നടപടി സ്വീകരിക്കേണ്ടതാണ്. | 1-17 |
| 19 | ശുചിത്വ മിഷൻ ഫണ്ട്-വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 1-18 |
| 20 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ-73,220 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു. | 1-19 |
| 21 | ലക്ഷം വീട് കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തൽ -അപാകത | 1-20 |
| 22 | പഞ്ചായത്ത് അനുമതി ഇല്ലാതെ സ്കൂളുകൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നത്, പ്രവർത്തിക്കുന്നത് -ക്രമവിരുദ്ധം | 1-21 |
| 23 | റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും സംബന്ധിച്ച് | 1-22 |
| 24 | മെഡിക്കൽ ഓഫീസർ PHC – ചെലവഴിക്കാത്ത 29000 രൂപ തിരിച്ചടവാക്കിയിട്ടില്ല. | 1-23 |
| 25 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - തുക | 1-24 |

| | | |
|---|---|---|
| | തിരിച്ച് ഈടാക്കിയിട്ടില്ല. | |
| 26 | മരാമത്ത് പ്രവൃത്തിയിൽ നിന്നും ലഭ്യമായ മെറ്റീരിയൽസുകൾ ലേലം ചെയ്യതിന്റെ വിവരം ലഭ്യമല്ല | 1-25 |
| 27 | സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. | 1-26 |
| 28 | ഗ്രാമ പഞ്ചായത്തിലേക്ക് കമ്പ്യൂട്ടർ,പ്രിന്റർ വാങ്ങൽ -സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-26-1 |
| 29 | പഞ്ചായത്ത് മീറ്റിംഗ് ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ സ്റ്റോക്ക് വിവരം ലഭ്യമാക്കിയില്ല. | 1-26-2 |
| 30 | അഗതി രഹിത കേരളം:അപാകതകൾ | 1-27 |
| 31 | ഓണം അഡ്വാൻസ് -ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരിച്ചടവാക്കി | 1-28 |
| 32 | ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കൽ സംബന്ധിച്ച് | 1-29 |
| 33 | വിനിയോഗ സാക്ഷ്യപത്രം/രസീതി ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു. | 1-30 |
| 34 | പട്ടികജാതി വിദ്യാർഥികൾക്ക് ലാപ് ടോപ്- വിതരണം ചെയ്തിട്ടില്ല | 1-31 |
| 35 | ഐ സി ഡി എസ് ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും ലഭ്യമായില്ല. | 1-32 |
| 36 | ഡയാലിസിസ് രോഗികൾക്ക് ധനസഹായം - രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-33 |
| 37 | മരുന്നുകൾ പൂർണമായും ലഭ്യമാക്കേണ്ടതാണ് | 1-34 |
| 38 | വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല | 1-35 |
| 39 | ഓഡിറ്റ് റിപ്പോർട്ടുകളിൽ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച് | 1-36 |
| 40 | സാക്ഷരതാ പ്രേരക് ഹോണറേറിയം റീ ഇമ്പേഴ്സ് ചെയ്യതിന്റെ വിവരം ലഭ്യമാക്കിയില്ല. | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| തീരുമാനം നം-1 തീയതി-19.02.2021 | പുതുക്കിയിട്ടില്ല |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2022 | 10.09.2022 | ബാധകമല്ല | ബാധകമല്ല |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 30656236 |
| വരവ് | 72969945 |
| ആകെ | 103626181 |
| ചെലവ് | 64602617 |
| നീക്കിയിരിപ്പ് | 39023564 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13523601 | 13523601 | 12826580 | 697021 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2836666 | 2836666 | 2836666 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12369000 | 12369000 | 9974523 | 2394477 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3595091 | 3595091 | 3011043 | 584048 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 8579374 | 8579374 | 1211239 | 7368135 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 3910451 | 3910451 | 2893239 | 1017212 |
| ബി ഫണ്ട് | 0 | 41268209 | 41268209 | 41268209 | 0 |

### 1-4-1 ഗ്രാന്റ് വിനിയോഗം

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക, എ.സി.ആർ എന്നിവ പ്രകാരം താഴെ പറയുന്ന ഫണ്ടുകളിലെ ചെലവ് തുകയിലെ വ്യത്യാസം പട്ടികയിൽ ചേർക്കുന്നു.

| ഫണ്ട് | എ.സി.ആർ | ഗ്രാന്റ് പത്രിക |
|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 9974523 | 9857383 |

| | | |
|---|---|---|
| ഡെവലപ്മെന്റ് ഫണ്ട് (ജനറൽ) | 12826580 | 13586180 |
| ഡെവലപ്മെന്റ് ഫണ്ട് (എസ്.സി.പി) | 2836666 | 2851333 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 189 | 84617121 | 125 | 47965413 | 0 | 64 | 66% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | അഡ്മിൻഫണ്ട് | 2540 | 357528 | 360068 | 356831 | 3237 |
| | തനത് ഫണ്ട് | 0 | 600460 | 600460 | 600460 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 0 | 4094692 | 4094692 | 4094692 | 0 |
| ആകെ | | 2540 | 5052680 | 5055220 | 5051983 | 3237 |

കുറിപ്പ്

തൊഴിലുറപ്പ് പദ്ധതി- ആകെ ചെലവ് ക്യാഷ് ബുക്ക്, വാർഷികകണക്കുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. ആയത് വാർഷിക കണക്ക് അപാകതയായി 1-11 ൽ ചേർത്തിട്ടുണ്ട്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1143400 | 71 |
| വിധവാപെൻഷൻ | 14278000 | 597 |
| വാർദ്ധക്യകാല പെൻഷൻ | 20519800 | 258 |
| വികലാംഗ പെൻഷൻ | 4873600 | 258 |
| വിവാഹ ധനസഹായം | 60000 | 2 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 14278000 | 764 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2022 ന് 10.30AM മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6783/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല,

വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുകയോ യഥാവിധി യോഗം ചേരുകയോ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുകയോ ചെയ്യുന്നില്ല. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും 2021-22 വർഷത്തിൽ ഒരു തവണ മാത്രമേ (14.1.22) യോഗം ചേർന്നിട്ടുള്ളൂ. യോഗ മിനുറ്റ്സ് ഒന്നും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല/ക്ലോസ് ചെയ്തിട്ടില്ല. 15 പേര് അംഗങ്ങളായി ഉണ്ടെങ്കിലും 5-6 പേരിൽ കൂടുതൽ ഒരു യോഗത്തിൽ പോലും പങ്കെടുത്തിട്ടില്ല. വിശദാംശം ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

2. സ്റ്റോക്ക് രജിസ്റ്റർ ശരിയായി സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായ വിവരങ്ങൾ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. വിശദാംശങ്ങൾ ഖണ്ഡിക 1-26 ൽ ചേർത്തിട്ടുണ്ട്.

3. രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം തൃപ്തികരമല്ല. ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ അപൂർണ്ണമാണ്. വിവധ ഓഡിറ്റുകളുമായി ബന്ധപ്പെട്ട് പ്രത്യേകം ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല.

4.നിർവഹണ ഉദ്യോഗസ്ഥരുടെ മേൽ വിലാസം ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി മാസ്റ്റർ ഇൻകുമ്പൻസി റജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.ആയതിനാൽ ഓഡിറ്റ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് വിവര ശേഖരണത്തിനു കാലതാമസം നേരിടുന്നുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.11.2022 | 01.10.2022 To 31.10.2022 | ലഭ്യമല്ല |
| എ.ജി ഓഡിറ്റ് | 02.12.2009 To 15.12.2009 | 2004-05 To 2008-09 | 15.01.2010 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷിക കണക്ക് പ്രകാരം ലോണിനത്തിൽ 1498813/- രൂപ തിരിച്ചടവാക്കാൻ ബാക്കിയുണ്ട്. എന്നാൽ ഇത് സംബന്ധിച്ചുള്ള ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. താഴെ പറയുന്ന ഇനങ്ങളുടെ ഡി.സി.ബി രജിസ്റ്ററിലെ വിവരങ്ങളും വാർഷികകണക്കിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വരവ് | വാർഷികകണക്ക് പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|
| Registration Fee Paramedical Institutions | 1200 | 2000 | 800 |
| Registration Fee -Tutorial Institutions | 1700 | 1900 | 200 |

3. Advance License Fee For D&O Traders ഇനത്തിൽ വാർഷിക കണക്ക് പ്രകാരം 186500/-രൂപ വരവുണ്ട്. എന്നാൽ ഡി.സി.ബി രജിസ്റ്ററിൽ സംഗ്രഹം എഴുതി സൂക്ഷിക്കാത്തതിനാൽ അവയുടെ കൃത്യത പരിശോധിക്കായിട്ടില്ല.

4. വാർഷികകണക്കിലെ B-7 ഷെഡ്യൂൾ പ്രകാരം Elecion Deposit ഇനത്തിൽ 78000/- രൂപയും, Contractors Retention ഇനത്തിൽ 10000/- രൂപയും, നീക്കിയിരിപ്പുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇവയുടെ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല.

5. വാർഷികകണക്കിലെ B-18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് ഇനത്തിൽ 2800190/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ഇവയുടെ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല.
6. വാർഷികകണക്ക് പ്രകാരം Bidders Security Deposit ഇനത്തിൽ 2298/-രൂപയും രജിസ്റ്റർ പ്രകാരം 2288/- രൂപയുമാണ് ബാലൻസ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

7. തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള Specific Purpose Grant കളുടെ വിനിയോഗ വിവരം കാണിക്കുന്ന ACR സൂക്ഷിച്ചിട്ടില്ല.

8. വാർഷികകണക്ക് പ്രകാരം Investment ഇനത്തിൽ 2500000/- രൂപ ആസ്തിയുണ്ട്. എന്നാൽ ഇവ സംബന്ധിച്ചുള്ള രേഖകൾ ലഭ്യമായിട്ടില്ല.
A) തൊഴിലുറപ്പ് പദ്ധതി- തനത് ഫണ്ടിൽ നിന്നും അനുവദിച്ച മുൻകൂർ തുക വാർഷികകണക്ക് ക്യാഷ് ബുക്ക് എന്നിവ പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ഇനം | മുൻകൂർ തുക |
|---|---|
| വാർഷികകണക്ക് പ്രകാരം | 594960/- |
| ക്യാഷ് ബുക്ക് പ്രകാരം | 600460/- |
| വ്യത്യാസം | 5500/- |

B). ആകെ ചെലവ് ക്യാഷ് ബുക്ക്, വാർഷികകണക്കുമായി താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | ആകെ ചെലവ് |
|---|---|
| വാർഷികകണക്ക് പ്രകാരം | 4705545 |
| ക്യാഷ് ബുക്ക് പ്രകാരം | 5051983 |
| വ്യത്യാസം | 346438 |

10. വസ്തു നികുതി - സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് താഴെ പറയുന്ന ഇനങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷികകണക്ക് | സഞ്ചയ | വ്യത്യാസം |
|---|---|---|---|
| Arrear Demand | 2267397 | 2272694 | 5297 |
| Collection | 6461228 | 6800894 | 339666 |
| Balance | 3069789 | 3079649 | 9860 |

11. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

12. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഡിപ്രിസിയേഷൻ ഇനത്തിൽ 4993759/-രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകക്കുള്ള പ്രൊവിഷൻ കണക്കാക്കുന്നതിനുള്ള വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

13. സ്ഥിര നിക്ഷേപം-പലിശ ഇനത്തിൽ I-7 ഷെഡ്യൂൾ പ്രകാരം 135936/- രൂപ വരവുണ്ട് . എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം ഈ തുക ഉൾപ്പെടുത്തിയിട്ടില്ല.

## 1-12 വസ്തു നികുതി-സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് നിശ്ചയിച്ചില്ല.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് 24.02.2015ലെ സ.ഉ.(അ)നം. 36/2015/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൌണ്ടിൽ വരുന്ന കാന്റീൻ ആഡിറ്റോറിയം വർക്ക്ഷോപ്പ്, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ, മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റ് കെട്ടിടങ്ങൾ എന്നീ ഉപയോഗ ക്രമങ്ങൾ കൂടി ഉൾപ്പെടുത്തി കെട്ടിടങ്ങൾക്ക് ചുമത്തുന്ന വസ്തു നികുതി നിരക്കിൽ ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവ് പ്രകാരമുള്ള മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റ് കെട്ടിടങ്ങൾ എന്നത് ഒഴികെ മറ്റു

ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് എടരിക്കോട് ഗ്രാമപഞ്ചായത്തിൽ നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ.17/2021-22 തിയ്യതി -26.11.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം പുതുതായി ഉൾപ്പെടുത്തിയ വിനിയോഗ ക്രമങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകത

1996 ലെ കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 8, പ്രകാരം, ഫാക്ടറി വ്യവസായം എന്നീ സ്ഥാപനങ്ങൾക്ക് പ്രതി വർഷം നിശ്ചയിച്ച ഫീസിന്റെ അഞ്ച് ഇരട്ടി ഫീസ് മുൻകൂറായി ഈടാക്കി കൊണ്ട് അഞ്ച് വർഷ കാലയളവിലേക്ക് ലൈസൻസ് അനുവദിക്കാവുന്നതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ ഇത്തരം സ്ഥാപനങ്ങൾക്ക് ഒരു വർഷ കാലാവധിയിലാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

ഉദാഹരണം താഴെ ചേർക്കുന്നു.

| സ്ഥാപനം | ലൈസൻസ് നമ്പർ | കാലാവധി |
|---|---|---|
| കളത്തിങ്ങൽ പേപ്പർ മാർട്ട് , പേപ്പർ കവർ നിർമ്മാണം. | 1760/21 | ഒരു വർഷം |
| ശക്തി മെറ്റൽ ഇൻഡസ്ട്രീസ് | 1988/21 | ഒരു വർഷം |
| അഡ്വാൻഡ് ഇന്റീരിയർ ഫർണിച്ചർ | 1984/21 | ഒരു വർഷം |

സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും 390 സ്ഥാപനങ്ങൾ ലൈസൻസ് നേടിയിട്ടുണ്ട്. ലൈസൻസ് ഫീസ് ഇനത്തിൽ സാമ്പത്തിക വർഷം 348900/- രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് നേടിയോ എന്ന് പരിശോധിക്കുവാനാകുന്നില്ല.
ലൈസൻസ് നൽകൽ അപാകത സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ.09/2021-22 തിയ്യതി -25.11.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി കൊണ്ട് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും നൽകുന്ന ലൈസൻസുകളുടെ കാലാവധി അഞ്ച് വർഷം ആയി നിജപ്പെടുത്തേണ്ടതുമാണ്.

## 1-14 വസ്തു നികുതി കെട്ടിടത്തിന്റെ വിവരങ്ങൾ അടങ്ങിയ ഫാറം ഫയലിൽ സൂക്ഷിക്കുന്നില്ല.

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള അപേക്ഷകളിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 11(2) പ്രകാരം കെട്ടിട ഉടമ, കെട്ടിടത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ ഫാറം-2 ൽ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ഫാറം-2 സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ ഫാറം-6ൽ ശേഖരിക്കേണ്ടതാണ് (ചട്ടം 12(4)).

2021-22 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ അടങ്ങുന്ന ഫാറം-2, ഫാറം-6 എന്നിവ ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

മേൽ പറഞ്ഞ ഫാറങ്ങൾ ഇല്ലാത്തതിനാൽ നിശ്ചയിച്ച വസ്തു നികുതികളുടെ ആധികാരികത പരിശോധിക്കാനാകുന്നില്ല. ചില ഉദാഹരണങ്ങൾ താഴേ ചേർക്കുന്നു.

| കെട്ടിട നമ്പർ | തറ വിസ്തീർണം | അസസ്മെന്റ് പ്രകാരം കെട്ടിടത്തിന്റെ തറയുടെ തരം | അടിസ്ഥാന നികുതിയിൽ നിന്നുമുള്ള മാറ്റം |
|---|---|---|---|

| | | | |
|---|---|---|---|
| 10/198 H | 267.37 ച.മീറ്റർ | മേൽ തരം തടി/ ഇറ്റാലിയൻ മാർബിൾ/ ഗ്രാനൈറ്റ്. | 15 % വർദ്ധനവ് |
| 10/174 A | 257.86 ച.മീറ്റർ | സാധാരണ തറ | ഇളവോ വർദ്ധനവോ ഇല്ല |
| 10/63/A | 269.08 ച.മീറ്റർ | സാധാരണ തറ | ഇളവോ വർദ്ധനവോ ഇല്ല |
| 10/406 B | 256.94 ച.മീറ്റർ | സാധാരണ തറ | ഇളവോ വർദ്ധനവോ ഇല്ല |
| 8/221 B | 262.6 ച.മീറ്റർ | മേൽ തരം തടി/ ഇറ്റാലിയൻ മാർബിൾ/ ഗ്രാനൈറ്റ്. | 15 % വർദ്ധനവ് |

മേൽ പട്ടിക പ്രകാരം 250 ച.മീറ്ററി അധികം വിസ്തീർണ്ണമുള്ള സാധാരണ തറയോട് കൂടിയതും, മേൽ തരം വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച തറയോട് കൂടിയതുമായ കെട്ടിടങ്ങളാണ് കാണിച്ചിട്ടുള്ളത്. ഈ കെട്ടിടങ്ങൾക്ക് ചട്ടം-6 പ്രകാരം തറയുടെ തരത്തിനനുസൃതമായി അടിസ്ഥാന നികുതിയിൽ (വർദ്ധനവ്/ഇളവോ വർദ്ധനവോ ഇല്ല) മാറ്റം വരുത്തിയിട്ടുണ്ട്. എന്നാൽ ഫാറം-2, ഫാറം-6 എന്നിവ ഫയലിൽ ഇല്ലാത്തതിനാൽ ഇവയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ.01/2021-22 തിയ്യതി -23.11.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 തൊഴിൽ നികുതി അപാകത സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ തൊഴിൽ നികുതി പിരിവ് സംബന്ധിച്ച രജിസ്റ്റർ കാലികമാക്കിയിട്ടില്ല. താഴെ കാണിച്ചിട്ടുള്ള ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| സ്ഥാപനം | ജീവനക്കാരുടെ പേര് | അർദ്ധ വർഷം |
|---|---|---|
| പി.കെ.എം.എച്ച്.എസ്.എസ് | നസ്റത്ത് കെ | രണ്ട് |
| ഗവ:വുമൺസ് പോളിടെക്നിക്ക്, കോട്ടക്കൽ | രാധിക കെ.ടി | രണ്ട് |
| | രഗി മോൾ | |
| കേരള ആയുർവേദിക്ക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റൽ സ്റ്റഡീസ് | ജോസഫ് തോമസ് | രണ്ട് |
| വി.പി.എസ്.വി ആയുർവേദിക്ക് കോളേജ് ഹോസ്പിറ്റൽ | ശരണ്യ എം | രണ്ട് |
| | ശാരദ പി | |
| കെ.എസ്.ഇ.ബി തിരൂരങ്ങാടി സബ് ഡിവിഷൻ | വേണു ഗോപാലൻ | രണ്ട് |
| | ഉമ്മർകോയ | |
| | അനൂപ് പി.വി | |

| | | |
|---|---|---|
| കെ.എസ്.ഇ.ബി എടരിക്കോട് സബ് ഡിവിഷൻ | രവീന്ദ്രൻ നായർ | രണ്ട് |
| കെ.എസ്.ഇ.ബി തിരൂർ സബ് ഡിവിഷൻ | അബ്ദുസ്സലാം സി.വി | രണ്ട് |

2). താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ , തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 9 | പുതുപ്പറമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് | 2 |
| 2 | ഫൈൻ ഫെയർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 2 |

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഐ.ഡി.ബി.ഐ ബാങ്ക് , കോട്ടക്കൽ | 1&2 |
| 2 | കോട്ടക്കൽ ഗോൾഡ് പ്രൈവറ്റ് ലിമിറ്റഡ് | 1&2 |

നികുതി ഈടാക്കാൻ അവശേഷിക്കുന്ന സ്ഥാപനം/വ്യക്തികളിൽ നിന്നും നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറിക്ക് (01/23.11.2022) മറുപടി ലഭ്യമാക്കിയില്ല.)

## 1-16 കാലഹരണപ്പെട്ട വിവിധ ഡെപ്പോസിറ്റ് തുകകൾ നാളിതു വരെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

കേരള ഫിനാൻസ് കോഡ് Article 56 (B) പ്രകാരം ഫേം പിരീയഡ് കഴിഞ്ഞ മൂന്ന് വർഷം പിന്നിട്ട് കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. എന്നാൽ താഴെ കാണിച്ചിട്ടുള്ള കാലഹരപ്പെട്ട ഡെപ്പോസിറ്റുകൾ 2018-19 സാമ്പത്തിക വർഷത്തിന് മുമ്പ് സ്വീകരിച്ചതും നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ലാത്തതുമാണ്. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഡെപ്പോസിറ്റ് | ആകെ തുക |
|---|---|
| Contracte',s EMD | 600 |
| Supplier's EMD | 26420 |
| Bidder's EMD | 6000 |
| Supplier's Security Deposit | 4600 |
| Bidder's Security Deposit | 2288 |
| Auction Deposit | 22500 |

| | |
|---|---|
| ആകെ | 62408/- |

തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (16/26.11.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (മേൽ തുകകൾ ഫേം പിരീയഡ് കഴിഞ്ഞ് 3 വർഷം കഴിഞ്ഞിട്ടുള്ളതാണ്)

## 1-17 ദുരിതാശ്വാസനിധി രൂപീകരണ വിവരം -തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരന്തമനുഭവിക്കുന്ന ഗ്രാമപഞ്ചായത്ത് നിവാസികളും, നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ടു നിൽക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചപ്പോൾ ദുരിതാശ്വാസ നിധി രൂപീകരിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നമ്പർ 14/25.11.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ശുചിത്വ മിഷൻ ഫണ്ട്-വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

2021-22 വർഷത്തിൽ എടരിക്കോട് ഗ്രാമ പഞ്ചായത്തിലെ 16 വാർഡുകൾക്കായി ശുചിത്വമിഷൻ ഫണ്ട് 1,60,000 രൂപ മെഡിക്കൽ ഓഫീസർ പിഎച്ച്സിക്ക് കൈമാറിയിട്ടുണ്ട്. (വൗച്ചർ നമ്പർ 22100061/23.4.21). ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്എന്ന് കാണിച്ച് നമ്പർ 24/28.11.2022 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ഉപയോഗിക്കാത്ത ശുചിത്വമിഷൻ ഫണ്ട് തിരിച്ചടവാക്കേണ്ടതാണ്.

## 1-19 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ-73,220 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| | |
|---|---|
| വർഷം | 2021-22 |
| പ്രോജെക്ട് നമ്പർ | 77 |
| പ്രോജെക്ടിന്റെ പേര് | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 2,00,000രൂപ (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | 2,00,000 രൂപ<br>ബിൽ നമ്പർ 2/21-22 തി. 22.10.21 2,00,000രൂപ |
| നിർവഹണം | മെഡിക്കൽ ഓഫീസർ ഹോമിയോ |

മേൽ പ്രോജെക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിന് 2,00,000 രൂപ കേരള ഹോമിയോപ്പതി കോ.ഓപ്പറേറ്റിവ് ഫാർമസി ആലപ്പുഴയിൽ അടവാക്കിയിട്ടുണ്ട്. നാളിതുവരെ താഴെ പറയുന്ന മരുന്നുകൾ മാത്രമാണ് ലഭ്യമായത്.

| തുക അടവാക്കിയതിന്റെ വിവരം | | മരുന്ന് ലഭ്യമായതിന്റെ വിവരം | |
|---|---|---|---|
| ഇൻവോയ്സ് നമ്പർ | തുക | ഇൻവോയ്സ് നമ്പർ | തുക |
| PF502/24.9.21 | 2,00,000 | LF510/9.8.22 | 1,26,780 |

അവശേഷിക്കുന്ന 73,220രൂപയുടെ (2,00,000-1,26780) മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 2/ 24.11.2022 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മരുന്നുകൾ ലഭ്യമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-20 ലക്ഷം വീട് കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തൽ -അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് - 136/22

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (റോഡ്)

ബിൽ -21151752036700938812/12.1.22 –94791

മൂല്യനിർണ്ണയം - 94791

കരാർ 43/21.10.20

അളവ് പുസ്തകം 167/20-21

കരാറുകാരൻ- ഗോപാലൻ. A

TS No-62493/20-21

Est.No-2020/45582

TS-100000

Cost Index – 31.06% (2016 DAR)

ലക്ഷം വീട് കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് റോഡിൽ വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കുന്നതിന് വേണ്ടി റോഡിൽ നിന്നും ഒഴുകി വരുന്ന വെള്ളം കളക്റ്റ് ചെയ്യുന്നതിന് 2 മീറ്റർ നീളത്തിലും 2 മീറ്റർ വീതിയിലും ഡ്രെയിൻ പിറ്റ് നിർമ്മിച്ചിട്ടുണ്ട്. ഇതിൽ നിന്നും ഓവർ ഫ്ലോ വരുന്ന വെള്ളം 150 Mm Dia Pvc പൈപ്പിലൂടെ കുറച്ച് ദൂരെയായി പുറത്തേക്ക് ഒഴുക്കി വിടുന്നു. അളവ് പുസ്തകം ഇനം 7 പ്രകാരം 31.75 മീറ്റർ PVC പൈപ്പ് ഇതിന് വേണ്ടി മണ്ണിനടിയിൽ സ്ഥാപിച്ചതിന് 25576.85 (31.75 M X805.57/m) രൂപ അനുവദിച്ചിട്ടുണ്ട്. 29.11.22 ന് അസി.എഞ്ചിനീയരുടെയും ഓവർസിയറുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ 31.75 മീറ്റർ PVC പൈപ്പ് സ്ഥാപിച്ചതായി കണ്ടില്ല. സ്ഥാപിച്ചതായി കാണിച്ച തന്ന സ്ഥലങ്ങൾ പ്രൈവറ്റ് പ്രോപ്പർട്ടിയാണ്. എന്നാൽ പ്രൈവറ്റ് പ്രോപ്പർട്ടിയിലൂടെ PVC പൈപ്പ് മണ്ണ് കീറി സ്ഥാപിക്കുന്നതിന് 3 സ്ഥല ഉടമകളുടെ കൺസന്റ് ആവശ്യമാണ്. ഫയലിൽ സ്ഥല ഉടമകളുടെ കൺസന്റ് ഇല്ല. അതുകൊണ്ട് തന്നെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് PVC പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി നടന്നിട്ടുണ്ടോ എന്ന് വ്യക്തമല്ല . മാത്രമല്ല പൈപ്പ് ലേയിംഗ് നടത്തിയതായി പറയുന്ന മിക്ക സ്ഥലങ്ങളിലും വീടുകൾ ആയതിനാൽ പൈപ്പ് അവസാനിക്കുന്ന ഭാഗവും (Ending Portion-ഒഴുകി പോകുന്ന വെള്ളം അവസാനം എത്തുന്ന ഭാഗം) കാണിച്ച് തരാൻ ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടില്ല. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/29.11.22) മറുപടി ലഭ്യമാക്കിയില്ല. അപാകതയുടെ വെളിച്ചത്തിൽ മേൽ ഇനത്തിന് ചെലവഴിച്ച 25576.85 രൂപ തടസ്സം ചെയ്യുന്നു. ഇതിൻമേൽ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ വിശദീകരണം നൽകേണ്ടതാണ്.

## 1-21 പഞ്ചായത്ത് അനുമതി ഇല്ലാതെ സ്കൂളുകൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നത്, പ്രവർത്തിക്കുന്നത് -ക്രമവിരുദ്ധം

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ, അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ പ്രസ്തുത സ്കൂൾകെട്ടിടങ്ങൾ മുഴുവൻ പഞ്ചായത്തിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | കെട്ടിട നമ്പർ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വിസ്തീർണ്ണം | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം വിസ്തീർണ്ണം |
|---|---|---|---|
| AMLPS വാളക്കുളം | 5/155<br>5/156<br>5/157 | $200M^2$<br>200M2<br>400M2<br>Total -800m2 | $1147M^2$ |
| GLPS ക്ലാരി, അമ്പലവട്ടം | 8/496<br>8/497 | $150M^2$ | $168M^2$ |
| GHS പുതുപ്പറമ്പ് | 2/434<br>2/434D<br>2/434E<br>2/434F<br>12/475E | $1580\ M^2$ | $1939.02M^2$ |
| AMLPS ചെറുശ്ശോല | 9/377 | $310\ M^2$ | 348.12 M2 |

| | | | |
|---|---|---|---|
| PKMHS & PKMHSS, എടരിക്കോട് | 5/468<br>5/469<br>5/470<br>5/471<br>5/472<br>5/473<br>5/474<br>5/474A<br>5/475<br>5/476<br>5/477<br>5/478<br>5/487<br>5/487A<br>5/487B<br>5/488 | 1734 $M^2$ | 6861 $M^2$ |
| Malabar English School പുതുപ്പറമ്പ് | | സഞ്ചയ പത്രിക പ്രകാരം ഇല്ല | 1792.09 $M^2$ |
| GUPS ക്ലാരി, എടരിക്കോട് | 13/192 | 169.95$M^2$ | ഫിറ്റ്നസ്സ് എടുത്തിട്ടില്ല |
| വനിത പോളിടെക്നിക്ക് കോളേജ് , കോട്ടക്കൽ | 3/287<br>3/287R<br>3/287S<br>3/287D<br>3/287U | 593 $M^2$ | ഫിറ്റ്നസ്സ് എടുത്തിട്ടില്ല |
| SACRED Haert School, എടരിക്കോട് | 15/259<br>15/179<br>15/181 | 5030 $M^2$ | ഫിറ്റ്നസ്സ് എടുത്തിട്ടില്ല |
| AMUPS ക്ലാരി സൗത്ത്,എടരിക്കോട് | 12/257 | 300$M^2$ | ഫിറ്റ്നസ്സ് എടുത്തിട്ടില്ല |

[കുറിപ്പ് ** ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് നൽകുന്ന അപേക്ഷയിൽ ക്ലാസ്സ് മുറികളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തുന്നത് എന്നതിനാൽ യഥാർത്ഥത്തിലുള്ള കെട്ടിട വിസ്തീർണ്ണം മുകളിലെ പട്ടികയിൽ പരാമർശിച്ചതിലും വളരെയധികം വർധിക്കും. ]

പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷഅടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്. സ്കൂളുകളുടെ കെട്ടിട നമ്പർ സംബന്ധിച്ച വ്യക്തമായ വിവരം ലഭിക്കാത്തതിനാൽ മുഴുവൻ സ്കൂളുകളുടെയും കെട്ടിടങ്ങൾ പഞ്ചായത്തിൽ നിന്ന് നമ്പർ നേടി അധികൃതമാക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. ഏതാനും സ്കൂളുകൾ ഫിറ്റ്നസ്സ് എടുക്കാതെയും പ്രവർത്തിക്കുണ്ട്.

പഞ്ചായത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് പരിശോധന നടത്തേണ്ടതും നിയമാനുസൃതം തുടർ നടപടി സ്വീകരിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം 7/24.11.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-22 റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും സംബന്ധിച്ച്

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല. കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണത്തിന് (6/24.11.22) മാപ്പിംഗ് പ്രവൃത്തികൾ ആരംഭിച്ച് റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി)

## 1-23 മെഡിക്കൽ ഓഫീസർ PHC - ചെലവഴിക്കാത്ത 29000 രൂപ തിരിച്ചടവാക്കിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി. എച്ച്. സി

എടരിക്കോട് ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷത്തിൽ നിർവഹണ ഉദ്യോഗസ്ഥനായ Medical Officer, PHC ക്ക് പദ്ധതിക്ക് അനുവദിച്ച മുൻകൂർ തുകയിൽ 29000 രൂപ ചെലവഴിക്കാത്തത് തിരിച്ച് ഈടാക്കിയതായി കാണുന്നില്ല. 2021-22 വാർഷിക കണക്ക് (Schedule B18) പ്രകാരം Advance To Implementing Officer എന്ന ഹെഡിൽ പ്രസ്തുത തുകക്ക് നാളിത് വരെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| Head | Amt | Remarks |
|---|---|---|
| 460500501 | 29000 | Medical Officer, PHC |

എടരിക്കോട് ഗ്രാമ പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ പാലിയേറ്റീവ് കെയർ പദ്ധതിക്ക് അനുവദിച്ച മുൻകൂർ തുകയിൽ ചെലവഴിക്കാത്ത തുക തിരികെ അടവാക്കാത്തത് സംബന്ധിച്ച് മെഡിക്കൽ ഓഫീസർ മുൻപ് നൽകിയ വിശദീകരണത്തിൽ ആരോപണ വിധേയനായ PHC ക്ലാർക്ക് ശ്രീ.വിനോദ്കുമാർ, മെഡിക്കൽ ഓഫീസറുടെ നിർദേശാനുസരണം 29000 രൂപ പഞ്ചായത്തിൽ അടവാക്കാൻ കൊണ്ടുവന്നിട്ടുണ്ടെങ്കിലും ആയത് അടവാക്കിയിട്ടില്ല എന്നു കാണുന്നുവെന്നും മേൽ വിഷയത്തിൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനം (18.10.21 ലെ പഞ്ചായത്ത് ഭരണ സമിതി അജണ്ട 17 തീരുമാനം 1 പ്രകാരം) എടുത്തിട്ടുണ്ട്. ഇതിൻമേലുണ്ടായ തുടർ നടപടികൾ വിശദീകരിക്കുന്നതിനും മുൻകൂർ തുകയിൽ ചെലവഴിക്കാത്ത തുക പലിശ സഹിതം തിരിച്ച് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നും കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/29.11.22) മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ തുകയിൽ ചെലവഴിക്കാത്ത തുക പലിശ സഹിതം തുക തിരിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - തുക തിരിച്ച് ഈടാക്കിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

എടരിക്കോട് ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷത്തെ വാർഷിക കണക്ക് (Schedule B7) പ്രകാരം താഴെ പറയും പ്രകാരം തുകകൾ മറ്റ് സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്തത് നാളിത് വരെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ കിടക്കുന്നു. പ്രസ്തുത ഡെപ്പോസിറ്റ് തുകകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കേണ്ടതാണെന്നും ഡെപ്പോസിറ്റ് ചെയ്ത് വർഷങ്ങളായിട്ടും പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ തുക തിരിച്ച് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/24.11.22) മറുപടി

ലഭ്യമാക്കിയില്ല.

| Head | Amt | Remarks |
|---|---|---|
| 460500202 | 18,39,182 | KSEB |
| 460500204 | 58655 | GWD |

മേൽ തുകകളുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ അല്ലാത്ത പക്ഷം തുകകൾ തിരിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ്. തുടർ വിവരം അറിയിക്കേണ്ടതാണ്.

## 1-25 മരാമത്ത് പ്രവൃത്തിയിൽ നിന്നും ലഭ്യമായ മെറ്റീരിയൽസുകൾ ലേലം ചെയ്തതിന്റെ വിവരം ലഭ്യമല്ല

2021-22 വർഷത്തിൽ GUPS ക്ലാരി മെയിന്റനൻസ് (പ്രോജക്റ്റ് നമ്പർ - 135/22) പ്രവത്തിയുമായി ബന്ധപ്പെട്ട് കെട്ടിടത്തിന്റെ ഒന്നാം നിലയുടെ ആസ്ബസ്റ്റോസ് മേൽക്കൂര പൊളിച്ച് മാറ്റി പകരം ഓട് വിരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഇനം 1 പ്രകാരം ആസ്ബസ്റ്റോസ് മേൽക്കൂര പൊളിച്ച് മാറ്റിയതിന് 10792.64 (250.70m2x43.05/m2) രൂപ അനുവദിച്ചിട്ടുണ്ട്. 250.70m2 പൊളിച്ച് മാറ്റിയതിൽ 125.47 M2 യൂസബിൾ ഐറ്റം ആയി കണക്കാക്കി ലേല നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് 9.9.21 കത്ത് നൽകിയിട്ടുണ്ട് (അസി.എഞ്ചിനീയറുടെ 9.9.21 ലെ AE-lsgd/EKD/20-21 നമ്പർ കത്ത് ). എന്നാൽ പ്രവൃത്തിയുടെ ഫയലിൽ നിന്നും വാല്യൂഷൻ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

പ്രവൃത്തിയിൽ നിന്നും ലഭ്യമായ മെറ്റീരിയൽസ് ലേലം ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മെറ്റീരിയൽസ് ലേലം ചെയ്തതിന്റെ വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണത്തിന് (4/24.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-26 സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയും ഓഫീസ് ഫർണിച്ചർ, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പാലിക്കുന്നില്ല. വാർഷിക സ്റ്റോക്ക് പരിശോധന കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ പ്രകാരം നടത്തിയിട്ടില്ല. കൂടാതെ സർക്കുലർ നമ്പർ 86/2010/ഫിൻ തി. 24.9.2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിലവിൽ എല്ലാ വസ്തുക്കളും ഒറ്റ സ്റ്റോക്ക് രജിസ്റ്ററിലാണ് എഴുതിവരുന്നത്. സ്റ്റോക്ക് രജിസ്റ്റർ അപൂർണവും സാക്ഷ്യപ്പെടുത്താത്തതുമാണ്. സ്റ്റോക്ക് സ്പെസിഫിക്കേഷൻ അനുസരിച്ചും ശരിയായ അളവിലും സമയപരിധിക്കുള്ളിലും ലഭ്യമായി എന്ന വിവരവും സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചറും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി സ്റ്റോക്കിലെടുക്കാത്തതിന്റെ വിശദാംശങ്ങൾ അടുത്ത ഖണ്ഡികകളിയായി പരാമർശിച്ചിട്ടുണ്ട്.

## 1-26-1 ഗ്രാമ പഞ്ചായത്തിലേക്ക് കമ്പ്യൂട്ടർ,പ്രിന്റർ വാങ്ങൽ -സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| വർഷം | 2021-22 |
| പ്രോജെക്ട് നമ്പർ | 167/21-22 |
| പ്രോജെക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ (SO) |
| അടങ്കൽ | 2,00,000- തനത് ഫണ്ട് |
| ചെലവ് | 1,58,250രൂപ |

| | |
|---|---|
| നിർവഹണം | സെക്രട്ടറി |

കേരള സ്റ്റേറ്റ് ഇലക്ട്രോണിക്ക് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും വിവിധ ഐടി സാമഗ്രികൾ വാങ്ങുന്നതിനായി താഴെ പറയും പ്രകാരം ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമനമ്പർ | ഐടി സാമഗ്രിയുടെ പേര് | വില | വൗച്ചർ നമ്പർ/തിയതി | ഇൻവോയ്സ് നമ്പർ/തിയതി |
|---|---|---|---|---|
| 1 | Desktop Computer-Intel Processor Medium End Windows<br>3 എണ്ണം | 1,19,391 | 22100641/15.12.21 | TVM/ITBG/PI/RC /30689/20-21<br>8.10.21 |
| 2 | A4 Monochrome Network Laser Printer<br>3 എണ്ണം | 38,859 | 22100691/28.1.22 | 05078/ITP/22-23<br>തി. 17.9.22 |
| | ആകെ | 1,58,250 | | |

മേൽ ഐടി സാമഗ്രികൾ സ്റ്റോക്കിലെടുത്തിന്റെ വിവരം സഹിതം ഓഡിറ്റിന് ലഭ്യമാക്കിയില്ല.ഇതു സംബന്ധിച്ച് നമ്പർ 10/25.11.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല. മേൽ സാമഗ്രികൾ സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-26-2 പഞ്ചായത്ത് മീറ്റിംഗ് ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ സ്റ്റോക്ക് വിവരം ലഭ്യമാക്കിയില്ല.

| വർഷം | 2021-22 |
|---|---|
| പ്രോജെക്റ്റ് നമ്പർ | 159/21-22 |
| പ്രോജെക്റ്റിന്റെ പേര് | പഞ്ചായത്ത് മീറ്റിംഗ് ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ(SO) |
| അടങ്കൽ | 3,66,240 - തനത് ഫണ്ട് |
| ചെലവ് | 3,65014രൂപ<br>വൗച്ചർ നമ്പർ 22100940/26.3.22 |
| നിർവഹണം | സെക്രട്ടറി |

ആർടിസാൻ ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റിവ് ലിമിറ്റഡ് കോഴിക്കോട് നിന്ന് പഞ്ചായത്ത് മീറ്റിംഗ് ഹാളിലേക്ക് ജിഎസ് ടി ഉൾപ്പടെ 3,65,014 രൂപ ചെലവഴിച്ച് താഴെ പറയും പ്രകാരം ഫർണിച്ചർ വാങ്ങിയിട്ടുണ്ട്.(KKD646/23/3/22)

| ക്രമനമ്പർ | ഫർണിച്ചറിന്റെ പേര് | എണ്ണം | വില |
|---|---|---|---|
| 1 | DIAS TABLE(225*60*75cm) | 1 | 15789.82 |
| 2 | DIAS TABLE(150*60*75cm) | 1 | 10526.54 |
| 3 | MEMBERS TABL(225*45*75cm) | 9 | 71054.17 |
| 4 | MEMBERS TABL(150*45*75cm) | 5 | 59182.57 |
| 5 | HARDWOOD ARM CHAIR CUSHIONED | 38 | 208461.16 |
| | ആകെ | | 3,65,014 |

മേൽ ഫർണിച്ചർ വാങ്ങിയതുമായി ബന്ധപ്പെട്ട് ഫയലും സ്റ്റോക്കിലെടുത്തതു സംബന്ധിച്ച വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയില്ല. കൂടാതെ വാങ്ങിയ ഫർണിച്ചർ നമ്പറിട്ടു സൂക്ഷിച്ചിച്ചില്ല. ഇതു സംബന്ധിച്ച് നമ്പർ 22/28.11.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-27 അഗതി രഹിത കേരളം:അപാകതകൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അശരണരും നിലാരംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃത പദ്ധതി എന്ന നിലയിൽ അഗതി രഹിത കേരളം പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ഇതിനുള്ള മാർഗ്ഗരേഖ സ.ഉ.(എം.എസ്)നം.252/2017/ത.സ്വ.ഭ.വ തി.12.12.2017 പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തു. സംസ്ഥാനത്ത് ഏറ്റവും പ്രയാസം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് അഗതി രഹിത

കേരളം പദ്ധതി. പദ്ധതി അടങ്കലിന്റെ 40% തുക അല്ലെങ്കിൽ പരമാവധി 40 ലക്ഷം രൂപ (ഇവയിലേതാണോ കുറവ്) ചലഞ്ച് ഫണ്ടായി കുടുംബശ്രീയിലൂടെ അനുവദിക്കുന്നതാണ്. സർക്കാർ നിശ്ചയിച്ച പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി കുടുംബശ്രീ മുഖേന സർവേ നടത്തിയാണ് അഗതി കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ഏറ്റവും അർഹരായവർ മാത്രമാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടേണ്ടത്.

എടരിക്കോട് ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച പദ്ധതി 2019 ൽ പ്രവർത്തനം ആരംഭിച്ചതാണ്.

പദ്ധതിയുടെ വിശദ വിവരങ്ങൾ

ഗുണഭോക്താക്കൾ - 81

ആകെ അടങ്കൽ - 8193600

വിവിധ പ്രവർത്തനങ്ങൾക്കായുള്ള പണം വകയിരുത്തൽ

| | |
|---|---|
| ഭക്ഷണം | 2030400 |
| ചികിത്സ | 216000 |
| വസ്ത്രം | 54000 |
| ഭവന നിർമ്മാണം | 1600000 |
| ഭവന പുനരുദ്ധാരണം | 3800000 |
| വിദ്യാഭ്യാസം | 103200 |
| ഭൂമി | 0 |
| റിസർവ് ഫണ്ട് | 90000 |
| വൈദ്യുതി | 0 |
| കുടിവെള്ളം | 42000 |
| ശൗചാലയം | 240000 |
| മെഡിക്കൽ ക്യാമ്പ് | 18000 |
| ആകെ | 8193600 |

ചെലവ് വിവരം

31.3.2022 വരെ 3 വർഷ കാലയളവിലായി ഭക്ഷണ കിറ്റ് ഇനത്തിൽ 11,24,700 രൂപ നൽകുന്നതിനും 14,450 രൂപ വിദ്യാഭ്യാസ കിറ്റ് നല്കുന്നതിനും മാത്രമാണ് തുക ചെലവഴിക്കാനായിട്ടുള്ളത്.

ഇതിൽ 29.8.22 ന ചെലവഴിച്ച 143,200 പിന്നീട് ക്രമീകരിക്കാമെന്ന ധരണയിൽ എസ് സി എ ഫണ്ടിൽ നിന്നാണ ചെലവഴിച്ചിട്ടുള്ളത്. ആയത് ക്രമീകരിച്ചതിന്റെ രേഖകൾ ഓഡിറ്റിനു ഹാജരാക്കിയ ഫയലിൽ ലഭ്യമല്ല.

അംഗീകരിക്കപ്പെട്ട രീതിയിൽ പ്രൊജക്ട് നടപ്പാക്കുന്നില്ല

അഗതി രഹിത കേരളത്തിന്റെ DPR പ്രകാരം ചികിത്സ, വസ്ത്രം, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, സ്ഥലം വാങ്ങൽ, വൈദ്യുതി, ശൗചാലയം, കുടിവെള്ളം, മെഡിക്കൽ ക്യാമ്പ് എന്നീ ആവശ്യങ്ങൾക്ക് ഗുണഭോക്താക്കൾ ഉണ്ടെങ്കിലും ഈ ആവശ്യങ്ങൾക്ക് ഇതുവരെ ചെലവ് വന്നിട്ടില്ല. മൂന്ന് വർഷം കൊണ്ട് പൂർത്തീകരിക്കേണ്ട ഈ പദ്ധതി നടത്തിപ്പിൽ ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങൾ നൽകിയിട്ടില്ല എന്നാണ് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നത്. ഭവന പുനരുദ്ധാരണത്തിന് വേണ്ടി 38,00000 രൂപ വകയിരുത്തിയതിൽ ഈ കാലയളവിൽ ഒരു രൂപ പോലും ചെലവഴിക്കാൻ സാധിച്ചിട്ടില്ല.

പദ്ധതിക്ക് വേണ്ടി തുടങ്ങിയ ബാങ്ക് അക്കൗണ്ടിൽ (CANARA Bank, ചങ്കുവെട്ടി Branch A/c No.10338101038886) 31.3.22 ന് 27,922 രൂപ നീക്കിയിരിപ്പുണ്ട്. 81,93,600 രൂപ അടങ്കൽ വകയിരുത്തിയെങ്കിലും 3 വർഷ കാലയളവിൽ 11,39,150 രൂപ മാത്രമാണ് ഗ്രാമ പഞ്ചായത്തിന് ചെലവഴിക്കാനായത്.

പഞ്ചായത്തിലെ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് വേണ്ടി തയ്യാറാക്കിയ പദ്ധതിക്ക് വകയിരുത്തിയ പ്രകാരം ഫണ്ട് അനുവദിക്കപ്പെട്ടിട്ടില്ല.

അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-28 ഓണം അഡ്വാൻസ് -ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരിച്ചടവാക്കി

2021-22 വർഷത്തിൽ താഴെ പറയുന്ന ജീവനക്കാരനിൽ നിന്നും ഓണം അഡ്വാൻസ് തിരിച്ച പിടിച്ചതായി കാണുന്നില്ല. (വൗച്ചർ നമ്പർ 22100303/18.8.2021)

| ജീവനക്കാരന്റെ | ഓണം അഡ്വാൻസ് | തിരിച്ച | തിരിച്ച പിടിക്കാൻ |
|---|---|---|---|

| പേര് | നൽകിയത് | പിടിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|
| അഖിൽ പി ക്ലർക്ക് | 15,000 | 9000 | 6000 |

ഓണം അഡ്വാൻസ് തിരിച്ച പിടിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 11/25.11.2022 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ 1220103657/G101002 തി.29.11.22 രസീതി പ്രകാരം തുക അടവാക്കി.

## 1-29 ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കൽ സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 4.12.2019 ലെ സ.ഉ(കൈ) 156/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിർദേശം പുറപ്പെടുവിച്ചിരുന്നു.കൂടാതെ ദുരന്ത നിവാരണ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.1.2020 ലെ സ.ഉ(കൈ)14/2020 ത.സ്വ.ഭ.വ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകൾ പ്രകാരം താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1 അടിയന്തിര പ്രതികരണ ടീമിന്റെ (Emergency Response Team)രൂപീകരണം

2 ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം , പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം

വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ

3 ലോക്കൽ റിസോഴ്സ് ഗ്രൂപ്പ്(LRG) രൂപീകരണവും പ്രവർത്തനവും

4 ദുരന്തനിവാരണ പദ്ധതി രൂപീകരണം , അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ തുടങ്ങിയവ

ഗ്രാമ പഞ്ചായത്തിൽ ജൈവ വൈവിധ്യമാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം വർക്കിംഗ് ഗ്രൂപ്പ് 14.1.22 ന് ( 16 അംഗങ്ങളിൽ 5 അംഗങ്ങൾ മാത്രമാണ് പങ്കെടുത്തത്) യോഗം ചേർന്ന് ദുരന്തനിവാരണം സംബന്ധിച്ച് 9 തീരുമാനങ്ങൾ എടുത്തിട്ടുണ്ടെങ്കിലും നടപ്പിലാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് പ്രോജെക്ട് നമ്പർ 161 പ്രകാരം പ്രകാരം 50,000 രൂപ വകയിരുത്തിയെങ്കിലും ചെലവഴിച്ചിട്ടില്ല. ഇത സംബന്ധിച്ച് നമ്പർ 13/25.11.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

## 1-30 വിനിയോഗ സാക്ഷ്യപത്രം/രസീതി ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

2021-22 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജെക്ടുകളിലെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല.

| ക്രമനമ്പർ | പ്രോജെക്ട് നമ്പർ /പേര്/ഫണ്ട് | ചെലവ് തുക | ബിൽ നമ്പർ/ തിയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 247/21-22 എസ്എസ്എ വിഹിതം അടവാക്കൽ വികസന ഫണ്ട് ജനറൽ | 3,28,600 | 273/26.3.22 | എസ്എസ്എ ജില്ലാ പ്രോജെക്ട് ഓഫീസർക്ക നൽകിയത്.(വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല) |
| 2 | 1/21-22 ഐകെഎം വിഹിതം നൽകൽ | 55288 | 8/1.9.21 | ഐകെഎം എക്സിക്യൂട്ടിവ് ഡയറക്ടർക്ക് അടവാക്കിയത്.(രസീത് ഹാജരാക്കിയില്ല) |

ഇതു സംബന്ധിച്ച് നമ്പർ 12/25.11.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം/രസീതി ലഭ്യമാക്കുന്നതുവരെ ചെലവ് തുക 3,83,888 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-31 പട്ടികജാതി വിദ്യാർഥികൾക്ക് ലാപ് ടോപ്- വിതരണം ചെയ്തിട്ടില്ല

പ്രോജക്ട്: പട്ടികജാതി വിദ്യാർഥികൾക്ക് ലാപ് ടോപ്

പ്രോജക്ട് നമ്പർ. : 117/22

ചെലവ്: 299519 രൂപ(എസ് സി പി)

ബിൽ നമ്പർ: 2/21-22 തി 23-10-21
നിർവ്വഹണം: അസിസ്റ്റന്റ് സെക്രട്ടറി

മേൽ പദ്ധതി പ്രകാരം CPRCS പോർട്ടൽ മുഖേന 11 ലാപ് ടോപ് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് IT മിഷന്റെ 799011400003959 നമ്പർ അക്കൗണ്ടിലേക്ക് 299519 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ നാളിതു വരെ ലഭ്യമായിട്ടില്ല. ജി.ഒ(ആർ.ടി) നമ്പർ 486/2022/LSGD തിയതി.28.02.22 ഖണ്ഡിക 2 പ്രകാരം CPRCS മുഖേന ഉപകരണങ്ങൾ ലഭിക്കാൻ ഒരു മാസത്തിലധികം താമസമുണ്ടായാൽ ഡെപ്പോസിറ്റ് തുക തിരികെ വാങ്ങാമെന്നും തുക ഉപയോഗിച്ച് GEM പോർട്ടൽ മുഖേന ഉപകരണങ്ങൾ വാങ്ങാനും അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചതായും കാണുന്നില്ല. ഉപകരണങ്ങൾ ലഭ്യമാക്കാൻ/ലഭ്യമല്ലാത്ത പക്ഷം തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കേണ്ടതാണെന്നറിയിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (20/26.11.22) ലാപ് ടോപ്പുകൾ ലഭ്യമായിട്ടുണ്ടെന്നും ഉടൻ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നല്കി. സ്റ്റോക്ക് / വിതരണ വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ ചെലവു തുക 299519 രൂപ തടസത്തിൽ വെക്കുന്നു.

## 1-32 ഐ സി ഡി എസ് ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും ലഭ്യമായില്ല.

പ്രോജക്ട് : ഐ സി ഡി എസ് ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ

പ്രോജക്ട് നമ്പർ. : 73/22

ചെലവ് : 60613 രൂപ(മെയിന്റനൻസ് ഗ്രാന്റ് ( റോഡിതരം)

ചെക്ക് നമ്പർ: SB/GJ 5171883 തി 27-3-2022
നിർവ്വഹണം: ഐ സി ഡി എസ് ഓഫീസർ

മേൽ പദ്ധതി പ്രകാരം CPRCS പോർട്ടൽ മുഖേന ലാപ് ടോപ്പും പ്രിന്ററും വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ITമിഷന്റെ 799011400003959 നമ്പർ അക്കൗണ്ടിലേക്ക് 60613 തുക നൽകിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ നാളിതു വരെ ലഭ്യമായിട്ടില്ല. ജി.ഒ(ആർ.ടി) നമ്പർ 486/2022/LSGD തിയതി.28.02.22 ഖണ്ഡിക 2 പ്രകാരം CPRCS മുഖേന ഉപകരണങ്ങൾ ലഭിക്കാൻ ഒരു മാസത്തിലധികം താമസമുണ്ടായാൽ ഡെപ്പോസിറ്റ് തുക തിരികെ വാങ്ങാമെന്നും തുക ഉപയോഗിച്ച് GEM പോർട്ടൽ മുഖേന ഉപകരണങ്ങൾ വാങ്ങാനും അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചതായും കാണുന്നില്ല. ഉപകരണങ്ങൾ ലഭ്യമാക്കാൻ/ലഭ്യമല്ലാത്ത പക്ഷം തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കേണ്ടതാണ്. Enquiry Number : 18 Dated : 26-11-2022 ന ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട സ്ഥാപനത്തെ ഒന്നിലധികം തവണ ഫോൺ വഴിയും മെയിൽ വഴിയും ഇതിനകം ബന്ധപ്പെട്ടിട്ടുള്ളതായും ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് വിവരമുൾപ്പെടെ അറിയിക്കുന്നതാണെന്നും മറുപടി നല്കി. വിവരം ലഭ്യമാക്കുന്നത് വരെ ചെലവു തുക 60613 രൂപ തടസത്തിൽ വെക്കുന്നു.

## 1-33 ഡയാലിസിസ് രോഗികൾക്ക് ധനസഹായം - രേഖകൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| വർഷം | 2021-22 |
| പ്രോജെക്ട് നമ്പർ | 220/21-22 |
| പ്രോജെക്റ്റിന്റെ പേര് | ഡയാലിസിസിന് വിധേയമായ രോഗികൾക്ക് ധനസഹായം |

| | |
|---|---|
| അടങ്കൽ | 1,12,000രൂപ വികസന ഫണ്ട് ജനറൽ |
| ചെലവ് | 28000: ബിൽ നമ്പർ 20/21-22 തി. 28.3.22<br>84000: ബിൽ നമ്പർ 19/21-22 തി. 28.3.22 |
| നിർവഹണം | മെഡിക്കൽ ഓഫീസർ പി എച്ച് സി |

മേൽ പദ്ധതി പ്രകാരം ഡയാലിസിസിനു വിധേയമാകുന്ന രോഗികൾക്കുള്ള ധനസഹായമിനത്തിൽ 1,12,000 രൂപ ജില്ലാ പഞ്ചായത്തിനു കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നല്കിയ അന്വേഷണം Number : 19 Dated : 28-11-2022 നു മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുക തടസത്തിൽ വെക്കുന്നു.

## 1-34 മരുന്നുകൾ പൂർണമായും ലഭ്യമാക്കേണ്ടതാണ്

2021-22 വർഷം പിഎച്ച്സി മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ വിവിധ പദ്ധതികളിൽ മരുന്നു വാങ്ങാനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ തുക ഒടുക്കിയതിന്റെയും അവയിൽ ലഭ്യമാകാൻ അവശേഷിക്കുന്നവയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

എ)

| | |
|---|---|
| പ്രോജെക്റ്റ് നമ്പർ | 118 |
| പ്രോജെക്റ്റിന്റെ പേര് | പിഎച്ച്സിയിലേക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ/ചെലവ് | 5,00,000 രൂപ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് |
| ചെലവ് | 5,00,000 രൂപ |

തുക നല്കിയതിന്റെയും മരുന്ന് ലഭിച്ചതിന്റെയും ലഭ്യമാകാൻ ശേഷിക്കുന്ന മരുന്നിന്റെയും വിശദാംശം :

| തുക നല്കിയതിന്റെ വിവരം | | | മരുന്ന് ലഭിച്ചതിന്റെ വിവരം | | ശേഷിക്കുന്നത് |
|---|---|---|---|---|---|
| ക്രമ നം. | നല്കിയ തുക | ബിൽ നം./തിയതി | ഇൻവോയ്സ് നമ്പർ/ തിയതി | തുക | തുക |
| 1. | 283926 | 12/14.3.22 | 5028/25.6.22 | 16779 | |
| | | | 12183/26.9.22 | 5553 | |
| | | | 11875/21.9.22 | 12026 | |
| | | | 15508/1.11.22 | 47164 | |
| | | ആകെ | | 81522 | 202404 |
| 2. | 116971 | 17/28.3.22 | 550/12.4.22 | 88055 | |
| | | | 13182/7.10.22 | 2691 | |
| | | | 11875/21.9.22 | 7097 | |
| | | | 15869/1.11.22 | 9645 | |
| | | ആകെ | | 107488 | 9483 |
| 3. | 73056 | 18/28.3.22 | 4552/17.6.22 | 66675 | 6381 |
| 4. | 26047 | 21/28.3.22 | 246/4.8.22 | 2421 | |
| | | | 4558/17.6.22 | 8449 | |
| | | ആകെ | | 10870 | 15177 |
| | | ഒട്ടാകെ ലഭ്യമായത് | | 266555 | |
| | | ഒട്ടാകെ ലഭ്യമാകാൻ ശേഷിക്കുന്നത് | | | 233445 |

അടവാക്കിയ 5,00,000 രൂപയിൽ 2,66,555 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 2,33,445 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകുവാൻ ശേഷിക്കുന്നു.

ബി)

| | |
|---|---|
| വർഷം | 2021-22 |
| പ്രോജെക്റ്റ് നമ്പർ | 84 |
| പ്രോജെക്റ്റിന്റെ | പിഎച്ച് സിയിലേക് മരുന്നു |

| | |
|---|---|
| പേര് | വാങ്ങൽ(പരിരക്ഷാ പാലിയേറ്റീവ് പദ്ധതി) |
| അടങ്കൽ | 761580<br>461580(വികസന ഫണ്ട്)<br>300000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | 723234 രൂപ |
| നിർവഹണം | മെഡിക്കൽ ഓഫീസർ പിഎച്ച്സി |

പദ്ധതിയുടെ ഭാഗമായി 204275 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. തുക നല്കിയതിന്റെയും മരുന്ന് ലഭിച്ചതിന്റെയും ലഭ്യമാകാൻ ശേഷിക്കുന്ന മരുന്നിന്റെയും വിശദാംശം:

| തുക നല്കിയതിന്റെ വിവരം | | | മരുന്ന് ലഭിച്ചതിന്റെ വിവരം | | ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| ക്രമ നം. | നല്കിയ തുക | ബിൽ നം./തിയതി | ഇൻവോയ്സ് നമ്പർ/ തിയതി | തുക | |
| 1. | 59391 | 9/18.12.21 | 5301/1.7.22 | 7460 | |
| | | | 4426/16.6.22 | 48999 | |
| | | | ആകെ | 56459 | 2932 |
| 2. | 85843 | 22/28.3.22 | 546/20.4.22 | 32668 | |
| | | | 14825/25.10.22 | 320 | |
| | | | 16507 | 10496 | |
| | | | | 43484 | 42359 |
| 3. | 50518 | 08/9.12.21 | 8912/22.8.22 | 1586 | 48932 |
| 4. | 8523 | 11/18.2.22 | 4431/6.6.22 | 5959 | 2564 |
| | | | | 7545 | |
| | 204275 | | ഒട്ടാകെ | 107488 | |
| | | ഒട്ടാകെ ലഭ്യമാകാൻ ശേഷിക്കുന്നത് | | | 96787 |

മേൽ പ്രകാരം 107488 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 96787 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകുവാൻ അവശേഷിക്കുന്നു.

സി)

| | |
|---|---|
| വർഷം | 2021-22 |
| പ്രോജെക്ട് നമ്പർ | 118/22 |
| പ്രോജെക്റ്റിന്റെ പേര് | ജീവൻ രക്ഷാ മരുന്നു ലഭ്യമാക്കൽ |
| അടങ്കൽ/ചെലവ് | 637400 വികസന ഫണ്ട്<br>100000 മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| ചെലവ് | 737400 |
| നിർവഹണം | മെഡിക്കൽ ഓഫീസർ പിഎച്ച്സി |

(സി)

| തുക നല്കിയതിന്റെ വിവരം | | | മരുന്ന് ലഭിച്ചതിന്റെ വിവരം | | ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| ക്രമ നം. | നല്കിയ തുക | ബിൽ നം./തിയതി | ഇൻവോയ്സ് നമ്പർ/ തിയതി | തുക | |
| 1. | 637400 | 6/2.2.22 | 5298/1.7.22 | 107254 | |
| | | | 5295/1.7.22 | 42916 | |
| | | | 4158/10.6.22 | 66025 | |
| | | | 15328/31.10.22 | 47396 | |
| | | | ആകെ | 263591 | 373809 |
| 2. | 100000 | 15/28.3.22 | 13185/7.10.22 | 44027 | 55973 |
| | | | ഒട്ടാകെ ലഭ്യമായത് | 307618 | |

| | | | |
|---|---|---|---|
| | | ഒട്ടാകെ ലഭ്യമാകാൻ ശേഷിക്കുന്നത് | 429782 |

429782 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു.മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് വിവരം സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണത്തിന് (26/30.11.22,27/30.11.22,28/30.11.22)മറുപടി ലഭ്യമാക്കിയില്ല)

## 1-35 വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല

ജി.ഒ(എം.എസ്) നം 72/2017/ത.സ്വ.ഭ.വ തിയതി.29.3.2017 ഉത്തരവ് പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്റ്റ് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്റ്റ് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ രണ്ട് പ്രധാന ചുമതലകൾ. അവ ഫലപ്രദമായി നിർവഹിക്കണമെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ ക്രമീകരിക്കേണ്ടതാണ്. അതിനാൽ ഈ രണ്ട് ദൗത്യങ്ങളും നിർവഹിക്കുന്നതിന്റെ മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേരണമെന്നുള്ളത് അനിവാര്യമാണ്. പ്രസ്തുത യോഗങ്ങളിൽ വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കേണ്ടതുണ്ട്. 2021-22 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ മിക്ക വർക്കിംഗ് ഗ്രൂപ്പുകളും 2021-22 വാർഷിക പദ്ധതി രൂപീകരണത്തിന് വേണ്ടി പേരിന് മാത്രം യോഗം ചേരുന്നതായി കണ്ടു. ക്വാറം തികയാതെയും, തീരുമാനങ്ങൾ രേഖപ്പെടുത്താതെയും ,സാക്ഷ്യപ്പെടുത്താതെ/ക്ലോസ്സ് ചെയ്യാതെയും അപൂർണ്ണമായ രീതിയിലാണ് മിനട്സ് ബുക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും 2021-22 വർഷത്തിൽ ഒരു തവണ മാത്രമേ (14.1.22) യോഗം ചേർന്നിട്ടുള്ളൂ. 15 പേര് അംഗങ്ങളായി ഉണ്ടെങ്കിലും 5-6 പേരിൽ കൂടുതൽ ഒരു യോഗത്തിൽ പോലും പങ്കെടുത്തിട്ടില്ല. അതുകൊണ്ട് തന്നെ പശ്ചാത്തല മേഖലയിലും സേവന മേഖലയിലും അനിവാര്യമായ പല പദ്ധതികളും ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി നടത്തികൊണ്ട് പോകുന്നതിനുള്ള ചുമതല അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കാണ്. ഓരോ പദ്ധതികളും നിർവഹണം നടത്തിയതിനു ശേഷം അതിന്റെ തുടർന്നുള്ള മോണിറ്ററിംഗ് നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്.അത്തരത്തിൽ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകളും ലഭ്യമല്ല. ഗ്രൂപ്പിന്റെ പ്രവർത്തനം ഫലപ്രദമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 ഓഡിറ്റ് റിപ്പോർട്ടുകളിൽ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി അതിൻമേൽ പഞ്ചായത്ത് തീരുമാനമെടുത്ത് രണ്ട് മാസത്തിനകം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച ക്രമക്കേടുകളും ന്യൂനതകളും പഞ്ചായത്ത് പരിഹരിക്കേണ്ടതും അതിൻമേൽ പഞ്ചായത്ത് കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് ഒരു റെക്റ്റിഫിക്കേഷൻ റിപ്പോർട്ട് ഓഡിറ്റർക്ക് അയച്ചു നൽകേണ്ടതാണെന്നും 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21 ൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപ്പഞ്ചായത്തിന്റെ 2015-16,2016-17,2017-18, 2018-19, 2019-20 , 2020-21 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ രേഖകൾ , ക്രമക്കേടുകളും ന്യൂനതകളും പരിഹരിച്ചതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/24.11.22) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ച ക്രമക്കേടുകളും ന്യൂനതകളും പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-37 സാക്ഷരതാ പ്രേരക് ഹോണറേറിയം റീ ഇമ്പേഴ്സ് ചെയ്തതിന്റെ വിവരം ലഭ്യമാക്കിയില്ല.

ജി ഒ(സാധ) 626/21 എൽഎസ് ജി ഡി തി. 26.2.2021 ഉത്തരവ് പ്രകാരം സാക്ഷരതാ പ്രേരക് മാർക്ക് 2020 ഡിസംബർ മുതലുള്ള ഹോണറേറിയം ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽനിന്നും നൽകാനും തുക പിന്നീട് റീ ഇമ്പേഴ്സ് ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സാക്ഷരതാ പ്രേരകിന്റെ ഹോണറേറിയം താഴെ പറയും പ്രകാരം തനത് ഫണ്ടിൽ നിന്നും നൽകിയതായി കാണുന്നു.

| ക്രമനമ്പർ | വൗച്ചർ നമ്പർ/തിയതി | തുക |
|---|---|---|
| 1 | 2210019/8.4.2021 | 9200 |
| 2 | 22100110/20.5.2021 | 7600 |

മേൽ തുക റീഇമ്പേഴ്സ് ചെയ്തതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നമ്പർ 29/29.11.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 340000 | പ്രൊ.നം-08/21-22 സമഗ്ര നെൽകൃഷി വികസനം | 340000 | 0 |
| | 461500 | പ്രൊ.നം-32/21-22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 461500 | 0 |
| ആകെ | 801500 | | 801500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 480,000 | പ്രൊ.നം-08/21-22 സമഗ്ര നെൽകൃഷി വികസനം | 480,000 | 0 |
| | 261654 | പ്രൊ.നം-84 /21-22 പാലിയേറ്റീവ് കെയർ | 261654 | |

| | | | | |
|---|---|---|---|---|
| | | | | |
| | 1268000 | പ്രൊ.നം-70 /21-22<br>എസ്.സി ലൈഫ് ഭവന പദ്ധതി | 1268000 | |
| | 505875 | പ്രൊ.നം-32/21-22<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 505875 | |
| | 219578 | പ്രൊ.നം-175/21-22<br>എസ്.സി വിദ്യാർത്ഥികൾക്ക് പഠന മുറി | 219578 | |
| ആകെ | 2735107 | | 2735107 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം.തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | KURDFC ലൈഫ് ഭവന പദ്ധതി | ലഭ്യമാക്കിയില്ല | | 1704146 | 205333 | 0 | 1498813 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം (FDR No.1757/21.01.21) | 2500000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 2500000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2500000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം

| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | തുക |
|---|---|
| എടരിക്കോട് സർവ്വീസ് സഹകരണ ബാങ്ക് | 2500000 |
| ആകെ | 2500000 |

കുറിപ്പ്

സ്ഥിര നിക്ഷേപം-പലിശ ഇനത്തിൽ I-7 ഷെഡ്യൂൾ പ്രകാരം 135936/- രൂപ വരവുണ്ട് .ഈ വരവ് ഉൾപ്പെടുത്തി സ്ഥിര നിക്ഷേപം തൻവർഷത്തിൽ പുതുക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം ഈ തുക ഉൾപ്പെടുത്തിയിട്ടില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3(8) | 2007-08 | 3.8 | ക്ലാരി ഗവ. എൽ പി സ്കൂൾ ഏറ്റെടുക്കുന്നതിന് കളക്ടറുടെ Valuation പുറമേ 30% തുക അധികം നൽകിയത് (സൊലേഷ്യം) | നടപടികൾ തുടരുന്നു |
| 2011-12,12-13 | | 2014-15 | 4(1)(a) | നിഷ്ക്രിയ ആസ്തികൾ അവലോകനം | |
| 2014-15 | 2-(1),2(3) 2(4) | 2016-17 | | | |
| 2017-18 | 2(1) | 2018-19 | 1-VIII(5) | ബജറ്റ് രൂപീകരണത്തിലെ പോരായ്മകൾ | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72969945 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64602617 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 881596.85 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 25576 | ശ്രീ. സിജേഷ് കെ , അസിസ്റ്റന്റ് എഞ്ചിനീയർ (എംപ്ലോയ്മെന്റ്)) |
| 1-30 | 3,83,888 | ശ്രീമതി വനജ പി.കെ , സെക്രട്ടറി |

| | | |
|---|---|---|
| 1-31 | 299519 | ശ്രീമതി. പ്രസീത എം.ജി ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-32 | 60613 | ശ്രീമതി ജിഷ പി ജി ,ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-33 | 1,12,000 | ഡോ. ഷീജ ,മെഡിക്കൽ ഓഫീസർ പി എച്ച് സി |
| | | |
| ആകെ | 881596 | |

സ) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1999-2000 | എൽ എഫ് എം.15/230/02 തിയ്യതി 25.08.10 | 4 |
| 2 | 2000-01 | എൽ എഫ് എം.17/209/02 തിയ്യതി 25.08.10 | 8 |
| 3 | 2002-03 | എൽ എഫ് എം.13/970/04 തിയ്യതി 20.08.10 | 5 |
| 4 | 2003-04 | എൽ എഫ് എം.17/510/05 തിയ്യതി 25.08.10 | 5 |
| 5 | 2004-05 | എൽ എഫ് എം.10/1958/06 തിയ്യതി 25.08.10 | 1 |
| 6 | 2005-06 | എൽ എഫ് എം.10/1959/07 തിയ്യതി 25.08.10 | 15 |
| 7 | 2006-07 | എൽ എഫ് എം.10/590/09 തിയ്യതി 25.08.10 | 10 |
| 8 | 2007-08 | എൽ എഫ് എം.14/773/12 തിയ്യതി 28.09.12 | 7 |
| 9 | 2008-09 | എൽ എഫ് എം.14/774/12 തിയ്യതി 28.09.12 | 12 |
| 10 | 2009-10 | എൽ എഫ് എം.14/775/12 തിയ്യതി 28.09.12 | 12 |

| | | | |
|---|---|---|---|
| 11 | 2010-11 | എൽ എഫ് എം.14/1207/13 തീയ്യതി 06-12-2013 | 7 |
| 12 | 2011-12,12-13 | എൽ എഫ് എം.14/3342/14 തീയ്യതി 14.07.15 | 10 |
| 13 | 2013-14,14-15 | കെ എസ് എ എം പി എം 14/2010/16 തീയ്യതി 16-10-2018 | 12 |
| 14 | 2015-16 | കെ എസ് എ എം പി എം 14/3251/16 തീയ്യതി 19-02-2018 | 13 |
| 15 | 2016-17 | കെ എസ് എ എം പി എം14/1341 /2017 തീയ്യതി 18-11-2020 | 16 |
| 16 | 2017-18 | കെ എസ് എ എം പി എം14/2414/18 തീയ്യതി 25-03-2019 | 19 |
| 17 | 2018-19 | കെ എസ് എ എം പി എം14/1837/19 തീയ്യതി 05.08.2019 | 22 |
| 18 | 2019-20 | കെ എസ് എ എം പി എം14/1159/2021 തീയ്യതി 24.08.2021 | 12 |
| 19 | 2020-21 | കെ എസ് എ എം പി എം14/1161/2021 തീയ്യതി 16.09.2021 | 10 |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്